പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 790 — 04/03/2020 ൽ മറുപടിക്ക്

**ചെങ്ങന്നൂർ മണ്ഡലത്തിലെ മൃഗാശുപത്രികളുടെ എണ്ണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സജി ചെറിയാൻ** | അഡ്വ .കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |

| | | | |
|---|---|---|---|
| എ) | ചെങ്ങന്നൂർ മണ്ഡലത്തിൽ എത്ര മൃഗാശുപത്രികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | എ) | ചെങ്ങന്നൂർ മണ്ഡലത്തിൽ ഒരു വെറ്ററിനറി പോളി ക്ലിനിക്ക്, ഒരു മൊബൈൽ വെറ്ററിനറി ഹോസ്പിറ്റൽ, 2 വെറ്ററിനറി ഹോസ്പിറ്റലുകൾ, 9 വെറ്ററിനറി ഡിസ്പെൻസറികൾ ഉൾപ്പെടെ ആകെ 13 മൃഗാശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. വെറ്ററിനറി പോളി ക്ലിനിക്ക് ചെങ്ങന്നൂർ<br>2. മൊബൈൽ വെറ്ററിനറി ഹോസ്പിറ്റൽ ചെങ്ങന്നൂർ<br>3. വെറ്ററിനറി ഹോസ്പിറ്റൽ മുളക്കുഴ<br>4. വെറ്ററിനറി ഹോസ്പിറ്റൽ മാന്നാർ<br>5. വെറ്ററിനറി ഡിസ്പെൻസറി ആല<br>6. വെറ്ററിനറി ഡിസ്പെൻസറി ബുധനൂർ<br>7. വെറ്ററിനറി ഡിസ്പെൻസറി ചെറിയനാട്<br>8. വെറ്ററിനറി ഡിസ്പെൻസറി ഇരുത്തിമേൽ<br>9. വെറ്ററിനറി ഡിസ്പെൻസറി പാണ്ടനാട്<br>10. വെറ്ററിനറി ഡിസ്പെൻസറി പുലിയൂർ<br>11. വെറ്ററിനറി ഡിസ്പെൻസറി തിരുവൻവണ്ടൂർ<br>12. വെറ്ററിനറി ഡിസ്പെൻസറി വെൺമണി<br>13. വെറ്ററിനറി ഡിസ്പെൻസറി ചെന്നിത്തല |
| ബി) | പ്രസ്തുത മണ്ഡലത്തിലെ മൃഗാശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലയളവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; വിവരങ്ങൾ ലഭ്യമാക്കുമോ; | ബി) | ചെങ്ങന്നൂർ മൃഗാശുപത്രിയ്ക്കായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ല. എന്നാൽ മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ മൃഗാശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ചെങ്ങന്നൂർ മണ്ഡലത്തിലും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | മണ്ഡലത്തിൽ നിലവിലുള്ള മൃഗാശുപത്രികളിൽ സ്വന്തമായി കെട്ടിടമില്ലാത്തവ എത്രയെന്ന് വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ചെങ്ങന്നൂർ മണ്ഡലത്തിലെ 13 മൃഗാശുപത്രികളും സ്വന്തം കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ